## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: അഞ്ജന എം IAS)

ഉത്തരവ് നം. SJD/584/2020-C2

തിരുവനന്തപുരം,
തീയതി. 18/03/2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ് -ട്രാൻസ് ജെൻഡർ ക്ഷേമം- ട്രാൻസ് ജെൻഡർ വ്യക്തികൾക്കുള്ള സ്വയം തൊഴിൽ വായ്പാ ധനസഹായ പദ്ധതി - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ. (സാധാ) നം.542/2020/സാനീവ,തീയതി-11.10.2020.

2. സാമൂഹ്യനീതി ഡയറക്ടറുടെ 30.10.20 തീയതിയിലെ SJD/584/20-C2 നം ഉത്തരവ്

3. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മനേജിംഗ് ഡയറക്ടറുടെ 23/02/22 തീയതിയിലെ KSWDC/AMP/2878/TGLoan 18-19/474 നം. കത്ത്.

4.സ.ഉ.(സാധാ)നം.14/2022/സാ.നീ.വ തീയതി 21/01/2022

5.കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മനേജിംഗ് ഡയറക്ടറുടെ 09/02/22 തീയതിയിലെ KSWDC/AMP/2878/TGLoan 18-19 നം. കത്ത്.

സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ് ജെൻഡർ സമൂഹത്തിന് വേണ്ടി നിരവധി ക്ഷേമപദ്ധതികളും സേവനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നിലവിൽ സാമ്പത്തികമായും തൊഴിൽപരമായും പിന്നോക്കാവസ്ഥ നേരിടുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പാ ധനസഹായ പദ്ധതി ആരംഭിയ്ക്കുന്നതിനും ആയതിലേയ്ക്ക് 30 ലക്ഷം രൂപ തുക അനുവദിച്ചും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രസ്തുത തുക വനിതാ വികസന കോർപ്പറേഷന് കൈമാറിയിരുന്നു. ആയതിൻമേൽ വനിതാ വികസന കോർപ്പറേഷൻ ടി വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ 71 അപേക്ഷകൾ ഫൈനൽ സ്ക്രൂട്ടനൈസിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി 19 വ്യക്തികളെയും 4 ഗ്രൂപ്പുകളെയും തിരഞ്ഞെടുക്കുകയും അർഹരായവർക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ്, പ്രവർത്തന റിപ്പോർട്ട് എന്നിവ വനിതാ

വികസനകോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 26,05,000/- രൂപ വായ്പ വിതരണത്തിനായി ചിലവാക്കിയിട്ടുള്ളതായും 3,95,000/- രൂപ ബാക്കിയുള്ളതായും ഇനി 5 വ്യക്തികൾക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനും 2 ഗ്രൂപ്പുകൾക്ക് തുക അനുവദിക്കുന്നതിനും കൂടി 5 ലക്ഷം രൂപ കൂടി ആവശ്യമായി വരുന്നുണ്ടെന്നും പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

നടപ്പ് വർഷവും വനിതാ വികസന കോർപ്പറേഷൻ മുഖേന പ്രസ്തുത വായ്പാവിതരണ പദ്ധതി തുടരുന്നതിനുള്ള അനുമതിയും ആയതിലേയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചും പരാമർശം 4 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷൻ പ്രസ്തുത വായ്പപദ്ധതി നടപ്പിലാക്കുന്നതിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള പരസ്യം പ്രസിദ്ധീകരിക്കുകയും വായ്പാ വിതരണം കാലതാമസംവിന പൂർത്തീകരിക്കുന്നതിന് പരാമർശം 5 പ്രകാരം അനുവദിച്ച 50 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

ട്രാൻസ് ജെൻഡർ സമൂഹത്തിന്റെ സാമൂഹ്യ പുന :സംയോജനം സാദ്ധ്യമാക്കുന്ന തരത്തിലുള്ള സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതുവഴി അവർക്ക് സ്വന്തമായി ഉപജീവനം കണ്ടെത്താൻ കഴിയുമെന്നതിനാൽ പ്രസ്തുത പദ്ധതി തുടരാവുന്നതാണ് .

മേൽ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം ട്രാൻസ് ജെൻഡർ വ്യക്തികൾക്കുള്ള സ്വയംതൊഴിൽ വായ്പ വിതരണ പദ്ധതി നടപ്പിലാക്കുന്നതിനും ആയതിലേക്കാവശ്യമായ 50 ലക്ഷംരൂപ വനിതാ വികസന കോർപ്പറേഷന് കൈമാറുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ തുക 50 ലക്ഷം രൂപ ഈ കാര്യാലയത്തിൽ നിന്ന് വനിതാ വികസന കോർപ്പറേഷന്റെ പേരിൽ ട്രഷറിയിലുള്ള PSTSB A/C No. 799012700000512 എന്ന അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

<u>പകർപ്പ് :</u>

File No.SJD/584/2020-C2

1. സബ് ട്രഷറി ഓഫിസർ, വികാസ് ഭവൻ
2. സൂപ്രണ്ട് എ./ബി/പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്